# വെളിച്ചം

## ഡിജിറ്റൽ മാഗസിൻ




## എസ് .ജി. എച്ച് .എസ്. എസ്

## കലയന്താനി



# എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ : ശ്രീ. ജോഷി മാത്യു (ഹെഡ്മാസ്റ്റർ)

സബ് എഡിറ്റേഴ്സ് : ശ്രീ. അനിൽ എം ജോർജ്ജ് (എസ്.ഐ.റ്റി.സി)

: ശ്രീമതി സലോമി റ്റി.ജെ

: ശ്രീമതി ബെർളി മോൾ ജോസ്

## സ്റ്റുഡന്റ് എഡിറ്റേഴ്സ് :

മാസ്റ്റർ അഫ്സൽ യൂസഫ്



മാസ്റ്റർ അലൻ ബിനോയി



കുമാരി അസ്ന മൈദീൻ





കുമാരി ജൂബി മോൾ ബിജു



കുമാരി റോസ്മേരി ഗണപതി




കുമാരി മെർലിൻ തോമസ്

# ആശംസകൾ



*ആധുനിക വിദ്യാഭ്യാസം കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാകുമെന്ന ഉത്തമബോധ്യം എനിക്കുണ്ട്. ഈ അവസരത്തിൽ ഇത്തരം ഡിജിറ്റൽ മാഗസിന്റെ സാധ്യത അനന്തവും ഗുണപരവുമാണ് എന്നുള്ളതുകൊണ്ട് അതിന്റെ സമഗ്രവും വിജയകരവുമായ പ്രവർത്തനങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.*

എന്ന്



കലയന്താനി　　　　ജോഷി മാത്യു

18-01-2019　　　　ഹെഡ്മാസ്റ്റർ

# ഉള്ളടക്കം



| ക്രമ നമ്പർ | ഉൾത്താളുകളിൽ | പേജ് നമ്പർ |
|---|---|---|
| 1 | എന്റെ വിദ്യാലയം | 5 |
| 2 | അതിജീവനം | 6 |
| 3 | കൂട്ടുകാർ | 8 |
| 4 | പഴഞ്ചൊല്ലുകൾ | 10 |
| 5 | തട്ടേക്കാട് യാത്ര | 11 |
| 6 | വൈക്കം മുഹമ്മദ് ബഷീർ | 14 |
| 7 | കാക്ക | 15 |
| 8 | മാഹിയിൽനിന്നും അബൂബേക്കൻ | 16 |
| 9 | ഇന്ത്യ-പൊതുവിവരങ്ങൾ | 17 |
| 10 | മലയാള സാഹിത്യ ക്വിസ് | 18 |
| 11 | മലയാളത്തിലെ ആത്മകഥകൾ | 19 |
| 12 | മലയാളത്തിലെ ജ്ഞാനപീഠ ജേതാക്കൾ | 20 |
| 13 | ഇതിലേ വാ | 21 |
| 14 | മഴച്ചൊല്ലുകൾ | 22 |
| 15 | മുക്തകങ്ങൾ | 23 |
| 16 | കുഞ്ഞി പൂച്ച | 24 |
| 17 | അമ്മ | 25 |
| 18 | കഥകളി | 26 |
| 19 | പരിശ്രമം | 27 |
| 20 | ആദ്യത്തെ ചിരി | 28 |
| 21 | കുഞ്ഞിപ്പൂവ് | 29 |
| 22 | ഓട്ടോ ഫൺ | 30 |
| 23 | പക്ഷി വിജ്ഞാനം | 31 |

# എന്റെ വിദ്യാലയം



*ഗുരുവിൻ വാക്കുകൾ കേൾക്കാനും*
*വിദ്യകൾ പലതും അറിയാനു*
*ചെറു ചെറു പൂമ്പാറ്റകളായ് ഞങ്ങൾ*
*വിദ്യതൻ അറിവു പകർത്തുന്നു*
*ഗുരുതൻ പാഠമെടുക്കുന്നു*
*കഥകൾപലതായ് പറയുന്നു*
*വിദ്യാലയം ഒരു പൂവാടി*
*ഞങ്ങൾക്കെന്നും മലർവാടി*
*കളിയും ചിരിയും രസങ്ങളുമെല്ലാം*
*ചേർന്നു വരുന്നൊരു പൂവാടി*



**അഞ്ജലി കൃഷ്ണ ഗോപി**
**ക്ലാസ് - 9 A**

# അതിജീവനം



കേരളം കണ്ട ഏറ്റവും വലിയ ജലപ്രളയമാണ് കഴിഞ്ഞുപോയത്. നൂറ്റാണ്ടിലെ പ്രളയമെന്ന് വേണമെങ്കിലും ഇതിനെ വിശേഷിപ്പിക്കാം. ഒരു ജീവിതം കൊണ്ട് സമ്പാദിച്ചതെല്ലാം ജലം എന്ന അത്ഭുതത്തിന്റെ കൂടെ ഒലിച്ചുപോയി. മാസത്തോളം നീണ്ടുനിന്ന രക്ഷാപ്രവർത്തനത്തിനും, രക്ഷപ്പെടുത്തലിനും ശേഷം കേരളം അതിജീവനത്തിന്റെ പാതയിലാണ്. ആ അതിജീവനം ഒരു പാഠമാണ്. പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തിയ ദുഷ്കൃത്യങ്ങൾക്കും അനീതികൾക്കുമുള്ള മറുപടി.

ജാതി-മത ഭേതമന്യേ കേരളജനത മുഴുവനും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഒരു വലിയ മഹാദുരന്തത്തെയാണ് നേരിട്ടത്. സ്വന്തം ജീവൻ പോലും വിലവെക്കാതെ മറ്റുള്ളവരുടെ ജീവന് വില കൽപ്പിച്ചവർ;വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവരൊക്കെ സഹായഹസ്തവുമായി കേരളത്തെ രക്ഷിക്കാനായി അവരെ ആ വലിയ ദുരന്തത്തിൽ നിന്നും അതിജീവിപ്പിക്കാൻ പ്രേരിപ്പിച്ചു.

മലയാളികൾ ഒന്നടങ്കം ഒത്തുച്ചേർന്ന് നന്മയുടേയും

സഹായത്തിന്റെയും ഉദാഹരണം കാണിച്ച് ദൈവത്തിന്റെ സ്വന്തം നാട് എന്ന കേരളത്തിനുള്ള വിശേഷണം അന്വർത്ഥമാക്കി.സ്വന്തം ആരോഗ്യത്തെപ്പോലും തൃണവൽഗണിച്ചുകൊണ്ട് ഓരോ മലയാളിയും ഒറ്റക്കെട്ടായി നിന്ന് അതിജീവിച്ചു.

മലയാളിയുടെ ഉയർന്ന മാനവികതയാണ് ഇത്രയും വലിയ മഹാദുരന്തത്തെ ഒറ്റക്കെട്ടായി നേരിടാൻ സഹായിച്ചത്. ഈ മാനവികത തുടർന്നും ഉണ്ടായാൽ നമുക്ക് ഏത് മഹാദുരത്തത്തെയും നേരിടാം. ഉയർന്ന സാംസ്കാരിക ബോധമുള്ള ജനതയായതുകൊണ്ടും കൂടിയാണ് ഈ മഹാപ്രളയത്തെ അതിജീവിക്കാൻ കേരളം എന്ന സംസ്ഥാനത്തെ സഹായിച്ചത്.

പ്രളയദുരന്തത്തിനുശേഷം മലയാളി വീണ്ടും ഓടിത്തുടങ്ങി. പ്രളയത്തിൽ നഷ്ടപ്പെട്ടുപോയതെല്ലാം തിരിച്ചുപിടിച്ച് മുന്നേറാൻ. അതിന് മലയാളിക്ക് സാധിക്കുമെന്നതിന് ഉദാഹരണമാണ് കഴിഞ്ഞുപോയ പ്രളയം.

അതിജീവനത്തിനായി മുന്നേറുന്ന മലയാളിക്ക് എല്ലാവിധ സഹായങ്ങളും എത്തിച്ചുകൊടുക്കാൻ ഓരോ മലയാളിക്കും അവകാശമുണ്ട്. അത് എത്തിക്കാൻ നമുക്ക് പരിശ്രമിക്കാം.



മെർലിൻ തോമസ്

ക്ലാസ്- 8c

# കൂട്ടുകാർ




ഒരിടത്തൊരിടത്ത് സാൽമൺ എന്ന ശാന്തശീലനായ ഒരു കുട്ടിയും ഫ്രെഡ്ഡി എന്ന വികൃതിയായ ഒരു കുട്ടിയുമുണ്ടായിരുന്നു. ഒരിക്കൽ സാൽമൺ കാറ്റിന്റെ ഊഷ്മളതയില് ലയിച്ചിരിക്കുകയായിരുന്നു.അപ്പോൾ ഫ്രെഡ്ഡി ഒരു കൗതുകത്തിനായി അവന്റെ പുറത്ത് ആഞ്ഞ് തള്ളി. അവൻ ഉരുണ്ടുവീണു. ഫ്രെഡ്ഡി അതുകണ്ട് ചിരിച്ചു. പക്ഷേ സാൽമൺ ഒന്നും തിരിച്ചുപറഞ്ഞില്ല. പിറ്റേദിവസം ഫ്രെഡ്ഡി സാൽമണെ ചെളിവാരിയെറിഞ്ഞു. എന്നിരുന്നാലും അവൻ ഒന്നും മിണ്ടിയില്ല. രണ്ടു മൂന്നു ദിവസം അങ്ങനെ തന്നെ ആവർത്തിച്ചു. അങ്ങനെയിരിക്കെ ഫ്രെഡ്ഡി അവനോട് "നിന്നെ ഞാൻ ഇത്രയും ഉപദ്രവിച്ചിട്ട് നീയെന്താണ് ഒന്നും തിരിച്ചു ചെയ്യാത്തത് ?"എന്നു ചോദിച്ചു. അപ്പോൾ സാൽമൺ പറഞ്ഞു : എന്റെ ഏറ്റവുമടുത്ത കൂട്ടുകാർ എന്റെ മാതാപിതാക്കളാണ്. അവരുടെ വാക്കുകൾ ലംഘിച്ച് ജീവിക്കാൻ എനിക്കാവില്ല. ഫ്രെഡ്ഡി ഒന്നും മിണ്ടിയില്ല. സാൽമണിന്റെ മറുപടി അവനെ ചിന്തയിലാഴ്ത്തി, താനെന്താണ് ഇത്രയും കാലം ഇങ്ങനെ ജീവിച്ചത്. അവൻ സങ്കോചിതനായി. ഒടുവിൽ അവൻ സാൽമൺ പറഞ്ഞ വാക്കുകളുടെ പൊരുൾ മനസ്സിലാക്കി.തനിക്ക് നല്ല കൂട്ടുകാരില്ലാത്തതാണ് പ്രശ്നം. പക്ഷേ എങ്ങനെ അവൻ പിറ്റേന്ന് സാൽമണോട് ഈ പ്രശ്നം അവതരിപ്പിച്ചു. അപ്പോൾ സാൽമൺ ഒരു ചെറുപുഞ്ചിരിയോടെ അവനോട് അവൻ എങ്ങനെ നന്നായി ജീവിക്കണം എന്ന് വിശദീകരിച്ചു. എന്നിട്ട് മാതാപിതാക്കളെ നല്ല

സുഹൃത്തുക്കളാക്കാനുള്ള വഴിയും പറഞ്ഞു കൊടുത്തു. അന്നുമുതൽ ഫ്രെഡ്ഡി നല്ലവനായി ജീവിച്ചു. സാൽമണെ തന്റെ ആത്മാർത്ഥ സുഹൃത്തും കൂടെപ്പിറപ്പുമായി അംഗീകരിച്ചു. നല്ല കൂട്ടുകാർ നല്ല വഴിയേ പോകാനും ചീത്ത കൂട്ടുകാർ ചീത്ത വഴിയേ നയിക്കുമെന്നും മനസ്സിലാക്കി.

കൂട്ടുകാർ ജീവിതത്തിന് വളരെ മാറ്റംകൂട്ടുന്ന വ്യക്തികളാണ്. അതുകൊണ്ട് നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുവാനും ജീവിതത്തിന് മാറ്റുകൂട്ടാനും ഫ്രെഡ്ഡി പഠിച്ചു. സാൽമണിന്റെ ജീവിതം മാതൃകയാക്കി രാജ്യത്തിന് ഉത്തമപൗരനായി രാജ്യം കാക്കുന്ന ധീരനായ പടയാളിയായി മാറി ഫ്രെഡ്ഡി. സാൽമൺ ഒരു നല്ല ഡോക്ടറായും മാറി. എങ്കിലും അവന്റെ സൗഹൃദം എന്നും നിലനിന്നു. സൗഹൃദത്തിന്റെ ഉത്തമമാതൃകകളായി അവർ ജീവിച്ചു.



സച്ചിൻ സിൽജോ

ക്ലാസ്-9 C

# പഴഞ്ചൊല്ലുകൾ

- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
- അച്ഛനിച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാല്.
- അടിതെറ്റിയാൽ ആനയും വീഴും.
- അണ്ണാൻ കുഞ്ഞും തന്നാലായത്.
- അധികം കൂവുന്ന കോഴി അൽപ്പമേ മുട്ടയിടൂ.
- അടയ്ക്കയാണെങ്കിൽ മടിയിൽ വെയ്ക്കാം. അടയ്ക്കാമരമായാലോ.
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
- ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്.
- ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
- എല്ലാവരും പല്ലക്കേറിയാൽ ചുമക്കാനാളില്ല.
- എലിയെ പിടിക്കും പൂച്ച കലമുടയ്ക്കും.
- എത്താത്ത മുന്തിരിങ്ങ പുളിക്കും.
- ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും.
- ഏറെക്കറന്നാൽ ചോര.
- ഐക്യമത്യം മഹാബലം.
- ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പറ്റുമോ?
- ഉത്തരത്തിലിരിക്കുന്നത് എടുക്കുകയും വേണം കക്ഷത്തിലിരിക്കുന്നത് പോകയുമരുത്.



ജീന സാം ജോസ് ക്ലാസ്-9 B

# തട്ടേക്കാട് യാത്ര






പഠനത്തിരക്കിനിടയിൽ ഒരു പ്രകൃതി പഠനയാത്ര. പുസ്തകങ്ങളുടെ ലോകത്തുനിന്ന് പ്രകൃതിയുടെ മാറിലേക്ക് അടുത്തുനിന്ന രണ്ടു ദിവസങ്ങൾ. 2018 നവംബർ 16,17 എന്നീ ദിനങ്ങൾ.

16-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഞങ്ങളുടെ സ്വന്തം സ്കൂൾ ബസിന് തട്ടേക്കാടിലേക്ക് ഞങ്ങൾ യാത്രതിരിച്ചു. 48 കുട്ടികളും 4 അധ്യാപകരും. അവിടെ കാണാൻ പോകുന്ന കാഴ്ചകളോർത്ത് ഞങ്ങളുടെ ഉള്ളിൽ കൗതുകം നിറഞ്ഞു നിന്നിരുന്നു.പുറം കാഴ്ചകൾ കണ്ടും പാട്ടുപാടി കളിച്ചും ഉല്ലസിച്ചും ഞങ്ങൾ തട്ടേക്കാടെത്തിച്ചേർന്നു. അവിടെ എത്തിയപ്പോൾ എന്തെന്നില്ലാത്ത കുളിർമ അനുഭവപ്പെട്ടു. കൂടാതെ കോരിച്ചൊരിയുന്ന മഴയും. ഒത്തിരിനേരം ഞങ്ങൾ പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചു. എത്രകണ്ടിട്ടും മതിവരാത്ത സൗന്ദര്യം. വൈകുന്നേരം ചായ കുടിച്ചതിനുശേഷം ഞങ്ങൾ ഹാളിൽ ഒത്തുകൂടി. അവിടെ വച്ച് ഞങ്ങളെ എല്ലാവര്ക്കും പരിചയപ്പെടുത്തിക്കൊടുത്തു. കുട്ടികൾ പരിപാടികൾ അവതരിപ്പിച്ചു. പരിചയപ്പെടിത്തലിലൂടെ

ഭാവിയിലെ ഡോക്ടർമാരും ടീച്ചേഴ്സും എഞ്ചിനീയർമാരും ആരൊക്കെയായിരിക്കുമെന്ന് മനസ്സിലായി. തുടർന്ന് ഒരു സാർ ഞങ്ങൾക്ക് ക്ലാസ്സെടുത്തു. ഹോമോ സാപിയൻസ് എന്നറിയപ്പെടുന്ന മനുഷ്യന്റെ ചില വിഡ്ഢിത്തങ്ങൾ സാർ ഞങ്ങളെ ബോധ്യപ്പെടുത്തി. തികച്ചും ഫലപ്രദമായ ഒരു ക്ലാസ്സായിരുന്നു അത്. തുടർന്ന് കഞ്ഞി കുടിച്ചതിനുശേഷം ഗുഡ് ബൈ പറഞ്ഞ് ടീച്ചർമാരും കുട്ടികളും കിടക്കാനായി പോയി.തണുപ്പുള്ള രാത്രിയിൽ മൂടിപ്പുതച്ച് സുഖമായി ഞങ്ങൾ കിടന്നുറങ്ങി.





പിറ്റേദിവസം എഴുന്നേറ്റ് പ്രഭാതകൃത്യങ്ങളെല്ലാം ചെയ്ത് പുറത്തേക്കിറങ്ങിയ ഞങ്ങൾക്ക് ഒരു വിസിമയക്കാഴ്ച്ച പ്രകൃതി ഒരുക്കി വെച്ചിട്ടുണ്ടായിരുന്നു. ഇന്നലെ വറ്റിവരണ്ട് കണ്ട പുഴ വെള്ളത്താൽ നിറഞ്ഞിരിക്കുന്നു. ഞങ്ങളെ സംബന്ധിച്ച് അതൊരു അത്ഭുതക്കാഴ്ച്ചയായിരുന്നു. കുറച്ചുനേരം അതൊക്കെ ആസ്വദിച്ചതിനു ശേഷം കാപ്പി കുടിച്ച് ഞങ്ങൾ ഹാളിൽ ഒത്തുകൂടി.സാർ ഞങ്ങളെ രണ്ടു ഗ്രൂപ്പുകളായി തിരിച്ചു. തുടർന്ന് വനനിരീക്ഷണ യാത്രയായിരുന്നു. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ച് വിവിധതരം ഔഷധസസ്യങ്ങൾ കണ്ടും പക്ഷിമൃഗാദികളെ നിരീക്ഷിച്ചും ഞങ്ങൾ യാത്ര ചെയ്തു. ഓരോ വസ്തുക്കളുടെയും ഗുണഗണങ്ങൾ സാറുമാർ ങ്ങൾക്ക് പറഞ്ഞുതന്നു.


ഞങ്ങൾ വന്നതിന്റെ ഐശ്വര്യമാണോ എന്നറിയില്ല, ഒരു പുതിയ അതിഥിയെ തട്ടേക്കാടിന് അന്ന ലഭിച്ചു. ആ അതിഥി രാജഹംസമായിരുന്നു. വനനിരീക്ഷണ യാത്ര കഴിഞ്ഞ് ഉച്ചയോടെയാണ് ഞങ്ങൾ തിരിച്ചെത്തിയത്.ചോറുണ്ട ശേഷം സലിം അലിയുടെ ശിഷ്യനായ ഒരു സാർ ഞങ്ങൾക്ക് വിവിധതരം പക്ഷികളെയും മൃഗങ്ങളെയും പറ്റി ക്ലാസ്സെടുത്തു. ഞങ്ങൾക്ക് അവിടെനിന്ന് സർട്ടിഫിക്കറ്റ് ലഭിച്ചു. അതിനുശേഷം ഞങ്ങൾ വീട്ടിലേക്ക് യാത്തതിരിച്ചു. അവിടം വിട്ടു പോകുവാൻ പ്രകൃതി ഞങ്ങളെ തടയുന്നതുപോലെ ഞങ്ങൾക്കു തോന്നി.



ജൂബിമോൾ ബിജു

ക്ലാസ്- 9 C

# വൈക്കം മുഹമ്മദ് ബഷീർ



വളരെയധികം ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്ന ആളാണ് വൈക്കം മുഹമ്മദ് ബഷീർ. പലതരം ജോലികൾ ചെയ്തു. പലപ്പോഴും പട്ടിണി കിടന്നു. പല വേഷങ്ങൾ കെട്ടി നടന്നു. ശരിയായ വിശപ്പിൽ ഒരു നേരത്തെക്കുറിച്ചെല്ലാം ബഷീർ പിൽക്കാലെത്ത് കഥകളെഴുതി. അവയിലൊന്നും കഷ്ടമായ ജീവിതം എന്നു പറഞ്ഞിട്ടില്ല. ജീവിതം ഒരു അനുഗ്രഹമെന്നേ എപ്പോഴും കരുതിയിട്ടുള്ളൂ. അങ്ങനെയേ എഴുതിയിട്ടുള്ളൂ. സുരഭിലവും അസുലഭവുമായ കാലഘട്ടം എന്നേ വിശേഷിപ്പിക്കുകയുള്ളൂ. ഇനി ദുരിതങ്ങളെക്കുറിച്ച് പറയണമെങ്കിലോ? എത്ര സുന്ദരമായ വേദനകൾ, എത്ര സുഖകരമായ കഷ്ടതകൾ എന്നൊക്കെയാവും പറയുന്നത്.

ബഷീർ എന്ന മനുഷ്യന്റെയും എഴുത്തുകാരന്റെയും വലിപ്പം ഇതാണ്. വേദനകളും യാതനകളും അനുഭവിച്ചുകൊണ്ടുതന്നെ ജീവിതത്തെ അനുഗ്രഹമായി കാണുക. ജീവിതമാകുന്ന ഉത്സവത്തിലേക്ക് ക്ഷണിക്കപ്പെട്ടപ്പോൾ തന്നെ ഞാൻ ധന്യനായി എന്ന് ടാഗോർ എഴുതിയിട്ടുണ്ട്. ജീവിതം ഒരു ഉത്സവമാണെന്ന് തോന്നിയാൽ കാര്യം എളുപ്പമായി. കഷ്ടതകളിലും ജീവിതത്തെ ഇഷ്ടപ്പെടാൻ അതു സഹായിക്കും. ഇഷ്ടപ്പെട്ടാലോ ജീവിതം തന്നെ ആനന്ദകരമായിരിക്കും. ദുരിതങ്ങൾ പോലും സുഗന്ധപൂരിതമാകും.

റോസ്മേരി ഗണപതി
ക്ലാസ് :9 C



# കാക്ക



കാക്കകളോട് അവന് വെറുപ്പായിരുന്നു. വൃത്തിഹീനമായ ആ ജന്തുവിനെ അവൻ എവിടെ കണ്ടാലും കല്ലെറിഞ്ഞോടിക്കുമായിരുന്നു. അവയുടെ ശബ്ദം അവന് അസഹനീയമായിരുന്നു. അവന്റെ വലതു നെറ്റിയിലുള്ള ആ മുറിപ്പാട് എന്നും നീരസത്തെ വർദ്ധിപ്പിച്ചു കൊണ്ടിരുന്നു. അവയെല്ലാം ചത്ത് ഒന്നു മണ്ണടിഞ്ഞിരുന്നെങ്കിൽ എന്നവൻ കൊതിച്ചു.എന്നാൽ ഇന്നു മണ്ണടിഞ്ഞത് അവന്റെ അച്ഛനായിരുന്നു. അന്ത്യകർമ്മങ്ങൾക്കു ശേഷം ബലിച്ചോറു കഴിക്കാൻ അവനിതാ കാക്കകളെ കൈക്കൊട്ടി വിളിച്ചു.എന്നാൽ ആ ബലിച്ചോറു കഴിക്കാൻ ഒരു കാക്കയും വന്നില്ല. അവന്റെ മനസ്സ് വിഷമഭരിതമായിരുന്നു. കണ്ണുകൾ ചുമന്നു. ഒടുവിൽ കണ്ണുനീർ തുള്ളികൾ ആ ബലിച്ചോറിൽ ലയിച്ചുചേർന്നു.എന്നാൽ ഇന്നും അവൻ കാത്തിരിക്കുകയാണ് ഒരു കാക്കയുടെ ആഗമനത്തിനായി, തന്റെ പിതാവിന്റെ മോക്ഷത്തിനായി.



**അസ്ന മൊയ്ദീൻ**

**ക്ലാസ്: 9C**

# മാഹിയിൽനിന്നു അബൂബേക്കൻ

മാഹിയിൽനിന്നും പൊന്നു
ചെമ്മനം സാറേ, കത്തെൻ-
മാനസമുടയും മുൻ
പെഴുതു, നബൂബേക്കൻ
തെറ്റുകൾ കവിത ത-
ന്നസിധാരയെൻ വെട്ടു-
മൊറ്റയാൾപ്പട്ടാളമാ-
മവിടുന്നറിഞ്ഞാലും
ഫ്രഞ്ചുകാർ ചതച്ചിട്ട
മൊഴിയിപ്പോൾ കഷ്ടം



ക്രിസ്റ്റി തോമസ്
ക്ലാസ് : 9C

# ഇന്ത്യ-പൊതുവിവരങ്ങൾ




1. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ വർഷം?

   1947 ആഗസ്റ്റ് 15

2. ഇന്ത്യൻ ഭരണഘടനാ ശിൽപി ആര്?

   ഡോ.ബി.ആർ അംബേക്കർ

3. ഇന്ത്യയിലെ ഏറ്റവും വലിയ നീതിന്യായ കോടതി?

   സുപ്രീം കോടതി

4. ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രി?

   ജവഹർലാൽ നെഹ്റു

5. ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രപതി?

   ഡോ.രാജേന്ദ്രപ്രസാദ്

6. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ എണ്ണം?

   29

7. ദേശീയ പുഷ്പം?

   താമര

8. ദേശീയ മൃഗം?

   കടുവ

9. ദേശീയ പക്ഷി?

   മയിൽ

10. ദേശീയ വൃക്ഷം?

   അരയാൽ



**അബില അൻസലാം** **ക്ലാസ് : 9C**

# മലയാള സാഹിത്യ ക്വിസ്

1. മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

   എഴുത്തച്ഛൻ



2. മലയാളം അച്ചടിയുടെ പിതാവാര്?

   ബെഞ്ചമിൻ ബെയ്ലി

3. എന്റെ വക്കീൽ ജീവിതം ആരുടെ ആത്മകഥയാണ്?

   തകഴി ശിവശങ്കരപിള്ള

4. കേരള പാണിനീയം രചിച്ചതാര്?

   എം.ആർ രാജരാജവർമ്മ

5. കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചയിതാവ്?

   രാമപുരത്ത് വാര്യർ

6. ആധുനിക മലയാള ഗദ്യത്തിന്റെ പിതാവ് ആര്?

   കേരളവർമ്മ വലിയകോയിത്തമ്പുരാൻ

7. നാടൻ പ്രേമം ആരെഴുതിയ നോവലാണ്?

   എസ്.കെ പൊറ്റക്കാട്

8. ഉറൂബ് എന്ന തൂലികനാമത്തിൽ അറിയപ്പെടുന്നത്?

   പി.സി കുട്ടികൃഷ്ണൻ

9. ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര്?

   ഇടശ്ശേരി ഗോവിന്ദൻ നായർ

10. നളചരിതം ആട്ടക്കഥയുടെ രചയിതാവാര്?



അഭിനവ് പി.ആർ
ക്ലാസ് : 9 C

   ഉണ്ണായി വാര്യർ

# മലയാളത്തിലെ ആത്മകഥകൾ

- അരങ്ങുകാണാത്ത നടൻ – തിക്കോടിയൻ
- എന്റെ നാട്ടകടത്തൽ – സ്വദേശാഭിമാനി
- എന്റെ ജീവിതകഥ – എ.കെ.ജി
- എന്റെ വക്കീൽ ജീവിതം – തകഴി
- എന്റെ വഴിയമ്പലങ്ങൾ – എസ്.കെ പൊറ്റക്കാട്
- എതിർപ്പ് – കേശവദേവ്
- കഴിഞ്ഞകാലം – കെ.പി കേശവമേനോൻ
- കൊഴിഞ്ഞ ഇലകൾ – മുണ്ടശ്ശേരി
- കണ്ണീരും കിനാവും – വി.ടി ഭട്ടതിരിപ്പാട്
- കവിയുടെ കാൽപ്പാടുകൾ – പി. കുഞ്ഞിരാമൻ നായർ
- ഓർമ്മകളുടെ ഓളങ്ങൾ – ജി. ശങ്കരക്കുറിപ്പ്
- ഓർമ്മയുടെ അറകൾ – ബഷീർ
- ഞാൻ – എൻ.എൻ പിള്ള
- സ്മരണമണ്ഡലം – പി.കെ നാരായണപ്പിള്ള
- തുടിക്കുന്ന താളുകൾ – ചങ്ങമ്പുഴ
- സർവീസ് സ്റ്റോറി – മലയാറ്റൂർ
- ആത്മകഥ – ഇ.എം.എസ്
- കാവ്യലോക സ്മരണകൾ – വൈലോപ്പിള്ളി
- എന്റെ കുതിപ്പും കിതപ്പും – ഫാ.വടക്കൻ
- അനുഭവങ്ങളുടെ സംഗീതം – പവനൻ
- ജീവിതസമരം – സി കേശവൻ
- എന്റെ കഥയില്ലായ്മകൾ – എ.പി ഉദയഭാനു



അൻസൽ സുബൈർ ക്ലാസ് 9c

# മലയാളത്തിലെ ജ്ഞാനപീഠ ജേതാക്കൾ

- 1965- ജി. ശങ്കരക്കുറിപ്പ് (ഓടക്കുഴൽ)
- 1980- എസ്.കെ പൊറ്റക്കാട് (ഒരു ദേശത്തിന്റെ കഥ)
- 1984- തകഴി ശിവശങ്കരപ്പിള്ള
- 1995- എം.ടി വാസുദേവൻ നായർ
- 2007- ഒ.എൻ.വി കുറിപ്പ്



അഫ്സൽ യൂസഫ്

ക്ലാസ് : 9 A

# ഇതിലേ വാ

മഴപൊഴിയും ഈ സായാഹ്നത്തിൽ
മയിലാടുന്നതു കാണാൻ വാ
മാടൻ കുന്നിൽ വിരുന്നു വാ
മാനം നോക്കിയിരിക്കാന വാ
മാനത്തിന്റെ മടിത്തട്ടിൽ
മലരുകൾ വിരിയണ കാണാൻ വാ
മനസ്സിൽ ചെപ്പു നിറയ്ക്കാൻ വാ
മാടത്തേ നീ ഇതിലേ വാ





ജോണറ്റ് ജോയി
ക്ലാസ് : 9 B

# മഴച്ചൊല്ലുകൾ

മഴയില്ലേൽ പുഴയുമില്ല
മഴയില്ലെങ്കിൽ വഴി പെരുവഴി



മഴക്കൊമ്പ് പുഴക്കാമ്പ്
മഴയ്ക്കഴക് കുറവ്, മഴതരുമഴകിന്റെ
നിറവ്
മഴ പൊഴിഞ്ഞില്ലേൽ പുഴകുഴിയും
മഴ താഴോട്ടില്ലേൽ പുഴ കീഴോട്ട്
ആയിരം വേനലിന് അരമഴ
മകരത്തിൽ മഴ പെയ്താൽ
മലയാളം മുടിയും
മകയിരത്തിൽ മതിമറന്നു മഴ
മഴ വീണാൽ സഹിക്കാം. മാനം വീണാലോ?
മാരി കടമിടില്ല
മീനത്തിലെ മഴയ്ക്ക് മീനിനും ഇരയില്ല
തോറാന വന്നാൽ നൂറാന മുങ്ങും
പെരുമഴ പെരുമ്പറ കൊട്ടി
മഴയ്ക്കു നേരെ വാ നേരെ പോ
മഴയ്ക്കു തുഴ വേണ്ട തുഴയ്ക്കു മഴ വേണം
ധനുമഴ വന്നാൽ നട്ടുതല പോക്ക്



അലൻ ബിനോയി

ക്ലാസ് : 9 A

# മുക്തകങ്ങൾ

പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ
കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണനു ഭക്ത്യാ
പീലിക്കോലാന്നടി മലരിൽ നീ കാഴ്ച്ചയായി
മൗലിക്കെട്ടിൽത്തിരുകുമതിനെത്തീർച്ചയായ്

ഭക്തദാസൻ

പീലിക്കാർ കുന്തൽകെട്ടിത്തിരുകിയൽ
മയിൽപ്പീലിയും, ഹാലദേശേ
ചാലേത്തൊട്ടുള്ള ഗോപിക്കുറിയുമഴകെയും മാലയും
മാർവ്വിടത്തിൽ
തോളിൽ ചേർത്തുള്ളരോടക്കുഴലും, മണികരേ
കാലിമേയ്ക്കുന്ന കോലും
ഗോപാലവശം കലരുമുപനിഷത്തിന്റെ സത്തേ!
നമസ്തേ!



**അഫ്സൽ സിദ്ധിഖ്**
**ക്ലാസ് : 9 A**

# കുഞ്ഞി പൂച്ച



കൊച്ചു കുറുഞ്ഞി പൂച്ചയ്യൊരു
കൊച്ചമളി പറ്റി
കാച്ചിവെച്ച പാലിൽ ചെന്ന്
ഓടിചെന്ന് നക്കി
കുഞ്ഞുനാവ് പൊള്ളിയപ്പോൾ
കുഞ്ഞിപ്പൂച്ച കരഞ്ഞു
ഞാവു.ഞാവു.ഞാവു
അമ്മച്ചെന്ന് വടിയെടുത്ത് കുഞ്ഞിപ്പൂച്ചയെ തല്ലി
കുഞ്ഞിപ്പൂച്ചയ്ക്ക് വേദനിച്ചപ്പോൾ കുഞ്ഞിപ്പൂച്ച കരഞ്ഞു
ഞാവു.ഞാവു.ഞാവു



അഫ്സൽ നാസർ
ക്ലാസ് : 9B

# അമ്മ



അമ്മിഞ്ഞപ്പാലുപോലമ്മ
സ്നേഹം വാരിത്തരും അമ്മ
കളിപ്പിക്കും അമ്മ കളിപ്പിക്കും അമ്മ
എന്റെ സ്വന്തം അമ്മ (2)

സ്നേഹത്തിൻ വിത്തു വിതയ്ക്കും
നന്മകൾ കാട്ടും അമ്മ
പുഷ്പങ്ങൾ പോലുള്ള അമ്മ
സ്നേഹിക്കാൻ മാത്രം അറിയുന്ന. (2)

(അമ്മിഞ്ഞ)

കുഞ്ഞേ എന്ന വിളിക്കും അമ്മ
എന്നുടെ സ്വന്തം അമ്മ
സ്നേഹത്താൽ വാരിപ്പുണരും അമ്മ
എന്നുടെ മാത്രം അമ്മ (2)

(അമ്മിഞ്ഞ)



അലൻ എ.പി
ക്ലാസ് : 9A

# കഥകളി



കേരളീയ കലകളിൽ ഏറ്റവും പ്രമുഖ സ്ഥാനം കഥകളിക്കാണ്. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൊട്ടാരക്കര തമ്പുരാനാണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാവ്. ആംഗികം, സാത്വികം, ആഹാര്യം, വാചികം എന്നിവയാണ് കഥകളിയിലെ അഭിനയഭേദങ്ങൾ. കലാ മണ്ഡലം കൃഷ്ണൻ നായർ, വാഴേങ്കട കുഞ്ചുനായർ, കുടമാളൂർ കരുണാകരൻ നായർ തുടങ്ങിയവരെല്ലാം പ്രശസ്ത കഥകളി കലാകാരന്മാരാണ്.



അബിൻഷാ ഇബ്രാഹിം
ക്ലാസ് : 9 A

# പരിശ്രമം



ഒരു ദിവസം രണ്ടു ചുണ്ടെലികൾ നാട്ടുകാണാൻ ഇറങ്ങി. നടന്നു നടന്ന് അവർ ഒരു കുടിലിലെത്തി. അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു. അറിയാതെ അവർ അതിനകത്തേയ്ക്കു വീണു. രക്ഷപ്പെടാനായി ശ്രമിച്ചെങ്കിലും നടന്നില്ല. തന്റെ വിധിയെ ശപിച്ചുകൊണ്ട് ഒരാൾ മുങ്ങിച്ചാകുവാൻ തയ്യാറായി. പക്ഷേ രണ്ടാമത്തെയാൾ രക്ഷപ്പെടാനായി ചാടിക്കൊണ്ടേയിരുന്നു. ചുണ്ടെലിയുടെ പരിശ്രമം മൂലം ചാടിച്ചാടി തൈര് കടഞ്ഞ് വെണ്ണയായി. അങ്ങനെ വെണ്ണ അടിഞ്ഞുകൂടിയതിന്മേൽ ചവിട്ടിനിന്ന് രണ്ടുപേരും ചാടി പുറത്തു കടന്നു. രക്ഷപ്പെടാനായതിൽ രണ്ടുപേരും വളരെയധികം സന്തോഷിച്ചു. കൂട്ടുകാരന്റെ പരിശ്രമം മൂലമാണ് രക്ഷപ്പെടാൻ കഴിഞ്ഞതെന്ന് മനസ്സിലാക്കിയ മടിയൻ ചുണ്ടെലി പിന്നീടൊരിക്കലും വിധിയെ പഴിച്ചിട്ടില്ല.ഏതാപത്തിലും അവൻ കഠിന പരിശ്രമത്തിലൂടെ സ്വയം രക്ഷ കണ്ടെത്താൻ തുടങ്ങി. അവൻ ഏറെക്കാലം സന്തോഷത്തോടെ ജീവിച്ചു.

പരിശ്രമമാണ് വിജയത്തിന്റെ മുന്നോടി



അലീന കെ.ജെ

ക്ലാസ് : 9 A

# ആദ്യത്തെ ചിരി



ചാർലിയുടെ അമ്മ ഒരു സ്റ്റേജ് ഗായികയായിരുന്നു. ഒരിക്കൽ അവർ ഒരു വേദിയിൽ പാടുകയായിരുന്നു. പാട്ടിനിടെ തൊണ്ടയടഞ്ഞ് അവരുടെ ശബ്ദം നിലച്ചുപോയി. അമ്മയുടെ വിഷമം കണ്ട കുഞ്ഞുചാർലി വേദിയിലേക്ക് ഓടിക്കയറി പാട്ടു തുടങ്ങി. ചാർലിയുടെ പാട്ടുകേട്ട് കാണികൾ കൈയ്യടിച്ചു. പിന്നെ നാണയങ്ങൾ സ്റ്റേജിലേക്കെറിഞ്ഞു. ചാർലി പെട്ടന്ന് പാട്ടു നിർത്തി. എന്നിട്ട് നാണയങ്ങൾ പറുക്കിയെടുക്കാൻ തുടങ്ങി. കാണികളോടായി അവൻ ഉറക്കെ വിളിച്ചു പറഞ്ഞു. ഞാനിതെല്ലാം പറുക്കിയെടുത്തിട്ട് പാട്ട് തുടങ്ങുന്നതാണ്. അതുകേട്ട് കാണികൾ ഒന്നടങ്കം പൊട്ടിച്ചിരിച്ചു. പിൽക്കാലത്ത് ലോകം കണ്ട ഹാസ്യതാരമായ ചാർലി ചാപ്ലിൻ കാണികളെ ആദ്യമായി ചിരിപ്പിച്ചത് അന്നായിരുന്നു.



**അഞ്ജലി കൃഷ്ണ ഗോപി**
**ക്ലാസ് : 9A**

# കുഞ്ഞിപ്പൂവ്

കുഞ്ഞുപ്പൂവേ കുഞ്ഞുപ്പൂവേ
നിന്നെ കാണാൻ എന്തു രസം
ആരു തന്നീ വർണ്ണങ്ങൾ
ആരു തന്നീ പൂമ്പൊടി
പറയൂ പറയൂ കുഞ്ഞുപ്പൂവേ
കുഞ്ഞിപ്പൂവേ കുഞ്ഞിപ്പൂവേ





ഡോണ സിബി
ക്ലാസ് : 9A

# ഓട്ടോ ഫൺ

ലോകപ്രശസ്തമായ ഇറ്റാലിയൻ കാർ നിർമ്മാണ കമ്പിനിയാണ് പഗാനി. കിടിലൻ സ്പോർട്ട്സ് കാറുകളാണ് പഗാനി പുറത്തിറക്കുന്നത്. ഏറ്റവും പുതിയ പഗാനി കാറിന്റെ പേരാണ് വെയ്റാ. മണിക്കൂറിൽ 362 കിലോമീറ്റർ വേഗതയിൽ കുതിച്ചുപായാൻ



കഴിവുള്ള വേറായ്ക്ക് ഏഴ ഗിയറുകളുണ്ട്. സീക്വൻഷ്യൽ ഗിയർ സംവിധാനമാണ് ഈ കാറിൽ. അതായിത് ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ ക്രമത്തിൽ മാത്രമേ ഗിയർ മാറ്റാനാകൂ. വെറും 3 സെക്കന്റിൽ പൂജ്യത്തിൽ നിന്ന് 97 കിലോമീറ്റർ സ്പീഡിൽ എത്താൻ ഈ കാറിന് കഴിയും. കാഴ്ച്ചയിലും അതി സുന്ദരമാണ്. വില മാത്രം ഞെട്ടിക്കുന്നതാണ്- എട്ടരക്കോടി രൂപ.



ജോഷ്മി ജോൺസൻ
ക്ലാസ് : 9 A

# പക്ഷി വിജ്ഞാനം



- സമാധാനത്തിന്റെ പ്രതീകമായ പക്ഷി- പ്രാവ്
- ഇന്ത്യയുടെ ദേശീയ പക്ഷി- മയിൽ
- ഇംഗ്ലണ്ടിലെ ദേശീയ പക്ഷി- റോബിൻ
- അമേരിക്കയുടെ ദേശീയ പക്ഷി- കഴുകൻ
- പറക്കുന്ന സസ്തനി- വവ്വാൽ
- ചിറകില്ലാത്ത പക്ഷി- പെൻഗ്വിൻ
- അടയിരിക്കുന്ന ആൺപക്ഷി- ഒട്ടകപക്ഷി
- ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷി- ഒട്ടകപക്ഷി
- കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന പക്ഷി- മൂങ്ങ
- തലകീഴായി കിടക്കുന്ന പക്ഷി- വവ്വാൽ
- കാട്ടിലെ മരപ്പണിക്കാരൻ എന്നറിയപ്പെടുന്ന പക്ഷി- മരംകൊത്തി
- മഞ്ഞിൽ ജീവിക്കുന്ന പക്ഷി- പെൻഗ്വിൻ
- ഏറ്റവും ചെറിയ പക്ഷി- ഹമ്മിംഗ് ബേർഡ്
- എല്ലുകളിൽ വായു അറകളുള്ള ജീവി- പ്രാവ്



വിസ്മയ ക്ലാസ് : 9 B


നന്ദി



